**ഹയർ സെക്കൻഡറി**
**ഡയറക്ടറുടെ കാര്യാലയം,**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,**
**ശാന്തി നഗർ,**
**തിരുവനന്തപുരം.**

**EX-II/1/14608/HSE/IMP/2017(1)** **തീയതി : 06/07/2017**

# <u>സർക്കുലർ</u>

വിഷയം :- ഹയർ സെക്കന്ററി ഒന്നാംവർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷ ജൂലൈ 2017 - ഗൾഫ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പരീക്ഷാ രജിസ്ട്രേഷൻ/ പരീക്ഷാ നടത്തിപ്പ് - സംബന്ധിച്ച്.

സൂചന :- 12/06/2017-ലെ ഇതേ നമ്പർ വിജ്ഞാപനം.

2017 ജൂലൈയിൽ നടക്കുന്ന ഒന്നാംവർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി പരീക്ഷയ്ക്ക് ഗൾഫ് സ്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഗൾഫിൽ അവധിക്കാലമായതിനാൽ കേരളത്തിലെ ഏതെങ്കിലും ഹയർ സെക്കന്ററി പരീക്ഷാകേന്ദ്രം തെരഞ്ഞെടുത്ത് പരീക്ഷയെഴുതാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. അപ്രകാരം പരീക്ഷയെഴുതാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികളുടെ പരീക്ഷാ രജിസ്ട്രേഷൻ, പരീക്ഷാ നടത്തിപ്പ് എന്നിവ സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ഗൾഫ് മേഖലയിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അവർ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന സ്കൂളിലാണ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടത്.

2. പരിക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിൽ നിന്നുതന്നെ ടി വിദ്യാർത്ഥികൾക്ക് ഹാൾടിക്കറ്റ് ലഭിക്കുന്നതാണ്.

3. ഗൾഫ് മേഖലയിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ, അതേ വിഷയകോമ്പിനേഷനുള്ള കേരളത്തിലെ പരീക്ഷാകേന്ദ്രങ്ങൾ മാത്രമേ പരീക്ഷയെഴുതുവാനായി തെരഞ്ഞെടുക്കാവൂ. വിദ്യാർത്ഥി പഠിക്കുന്ന വിഷയകോമ്പിനേഷൻ തന്നെയാണ് തെരഞ്ഞെടുത്ത പരീക്ഷാകേന്ദ്രത്തിലുള്ളതെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്.

4. ഒന്നാംവർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയുടെ അസ്സലോ/സ്കാൻ ചെയ്തെടുക്കുന്ന ഹാൾടിക്കറ്റോ, വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രങ്ങളിൽ ഹാജരാക്കേണ്ടതാണ്. ആയതിനോടൊപ്പം വിദ്യാർത്ഥിയെ തിരിച്ചറിയുന്നതിന് ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന സ്കൂൾ പ്രിൻസിപ്പലിന്റെ അനുമതിപത്രമോ, സ്കൂൾ തിരിച്ചറിയൽ കാർഡോ, പാസ്പോർട്ടോ, മാർച്ച് 2017-ലെ ഒന്നാംവർഷ പരീക്ഷയുടെ ഹാൾടിക്കറ്റോ എന്നിവയിലേതെങ്കിലും പരിശോധിക്കാവുന്നതും ആയതിനുശേഷം ആധികാരികത ഉറപ്പാക്കേണ്ടതുമാണ്.

5. കേരളത്തിൽ പരീക്ഷാകേന്ദ്രം തെരഞ്ഞെടുത്ത ഗൾഫ് മേഖലയിലെ വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

ടി വിദ്യാർതഥികൾക്ക് കേരളത്തിലെ പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷയെഴുതുന്നതിനുള്ള സൗകര്യങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ എന്തെങ്കിലും സംശയമുള്ള പക്ഷം 0471 - 2339920 എന്ന നമ്പരിൽ വിളിക്കാവുന്നതാണ്.

**ഒപ്പ്/-**
**ജോയിന്റ് ഡയറക്ടർ (പരീക്ഷാവിഭാഗം)**
**&**
**സെക്രട്ടറി**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി**
**എക്സാമിനേഷൻസ്**